**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **06-12-2022 - ൽ മറുപടിയ്ക്ക്**

**ടാക്സ് പേയർ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പ് നികുതിദായകർക്ക് ടാക്സ് പേയർ കാർഡ് എന്ന പേരിൽ റേറ്റിംഗ് സ്കോർ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അനധികൃതമായി നടത്തുന്ന നികുതി പിരിവ് തടയാൻ ടാക്സ് പേയർ കാർഡ് സംവിധാനം സഹായകരമാകുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം വ്യാപാരികൾ യഥാസമയം മാസ വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നുണ്ടോ എന്നും സമർപ്പിക്കുന്ന റിട്ടേണുകൾ എത്രമാത്രം കൃത്യത പുലർത്തുന്നുണ്ട് എന്നുമുള്ള വിവരങ്ങൾ 'ടാക്സ് പേയർ കാർഡ്' വഴി പൊതുജനങ്ങൾക്ക് ലഭ്യമാകും. മികച്ച റേറ്റിംഗ് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങാം. അതുവഴി പൊതുജനങ്ങളുടെ പക്കൽ നിന്ന് അനധികൃതമായി നടത്തുന്ന നികുതി പിരിവ് തടയാനും സാധിക്കും. |
| (ബി) | റിട്ടേൺ സമർപ്പിക്കുന്നതിലും നികുതി അടയ്ക്കുന്നതിലും പുലർത്തുന്ന കൃത്യത കണക്കാക്കിയാണോ റേറ്റിംഗ് സ്കോർ തയ്യാറാക്കുന്നത്; വിശദമാക്കാമോ; | (ബി) | അതെ. റേറ്റിംഗ് സ്കോർ തയ്യാറാക്കുന്നതിനായി ചില പ്രത്യേക മാനദണ്ഡങ്ങൾ ഉപയോഗിച്ചിരിക്കുന്നു. പരമാവധി സ്കോർ 100 ൽ കണക്കാക്കുന്നു:<br><br>1) നിയമാനുസൃതമായ അവസാന തീയതിക്കുള്ളിൽ GSTR 3B (പ്രതിമാസ റിട്ടേൺ), GSTR 1 (വില്പന വിവരങ്ങൾ) ഫയൽ ചെയ്യുന്നതിന് പരമാവധി സ്കോർ 50 ൽ കണക്കാക്കുന്നു.<br><br>2) വാർഷിക റിട്ടേണുകളുടെ ഫയലിംഗ് (GSTR 9) സ്കോർ 20ൽ കണക്കാക്കുന്നു.<br><br>3) GSTR 1 / E-way bill/ GSTR 7 എന്നിയുമായി ബന്ധപ്പെട്ട് GSTR 3B ഫയൽ ചെയ്യുതിലെ കൃത്യത സ്കോർ 30 ൽ കണക്കാക്കുന്നു. |
| (സി) | വ്യാപാരികൾ റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കുന്നുണ്ടെന്നതും സമർപ്പിക്കുന്ന റിട്ടേണുകളിലെ കൃത്യതയും ടാക്സ് പേയർ കാർഡ് വഴി പൊതുജനങ്ങളെ അറിയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ വെബ് സൈറ്റായ www.keralataxes.gov.in-ൽ നിന്ന് പൊതുജനങ്ങൾക്ക് ടാക്സ് പേയർ കാർഡിന്റെ വിവരങ്ങൾ അറിയാൻ കഴിയും. |
| (ഡി) | മികച്ച റേറ്റിംഗ് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് | (ഡി) | മികച്ച റേറ്റിംഗ് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് |

| | | | |
|---|---|---|---|
| | സാധനങ്ങൾ വാങ്ങുന്നത് വഴി പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിൽ എത്തുന്നു എന്ന് ടാക്സ് പേയർ കാർഡ് വഴി ഉറപ്പിക്കാനാകുമോ; വിശദമാക്കാമോ? | | സാധനങ്ങൾ വാങ്ങുന്നതുവഴി പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിൽ എത്തുന്നുവെന്ന് ഉറപ്പിക്കാൻ ടാക്സ് പേയർ കാർഡ് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ